(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കേസുകളിലാണ് പ്രോസിക്യൂഷൻ നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സുപ്രീം കോടതിയിൽ നിലവിലിരിക്കുന്ന പാമോയിൽ കേസ്സിൽ പ്രോസിക്യൂഷൻ നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഉണ്ട്.

(ബി) മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള, 1982-87 കാലഘട്ടത്തിൽ വൈദ്യുതി മന്ത്രിയായിരിക്കെ കർണ്ണാടക സംസ്ഥാനത്തിലെ ഗ്രാഫൈറ്റ് ഇന്ത്യാ ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന് സംസ്ഥാനത്തുനിന്നും വൈദ്യുതി നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിന്റെ ഒന്നാം ഭാഗത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സുപ്രീം കോടതി കുറ്റവിമുക്തനാക്കിയിരുന്നു. ഈ വിധിയുടെ അടിസ്ഥാനത്തിൽ കേസിന്റെ രണ്ടാം ഭാഗം കോടതിയുടെ അനുമതിയോടെ പിൻവലിച്ചു. ഈ കേസിന്റെ മൂന്നാം ഘട്ട അന്വേഷണത്തിന്റെ തുടർ നടപടികൾ കോടതി നിർത്തിവച്ചിട്ടുണ്ട്.

(സി) പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിന് വിജിലൻസ് കോടതിയുടെ അനുവാദം തേടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഗുണമേന്മയില്ലാത്തതായി പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകൾ

14 [*161] ശ്രീ. എം. പി. ഗംഗാധരൻ :

„ ടി. എൻ. പ്രതാപൻ :

„ ബി. വിജയകുമാർ :

„ എം. എ. ചന്ദ്രശേഖരൻ :

„ ടി. വി. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05-ൽ എത്രയിനം മരുന്നുകൾ ഗുണമേന്മ ഇല്ലാത്തതോ ഉപയോഗിക്കാൻ പറ്റാത്തതോ ആണെന്ന് പ്രഖ്യാപിക്കപ്പെട്ടു ;

(ബി) ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകളെപ്പറ്റി മരുന്നു വാങ്ങുന്നവരെ ബോധവാന്മാരാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) പ്രസ്തുത മരുന്നുകൾ മാർക്കറ്റിൽ നിന്ന് നീക്കം ചെയ്യാറുണ്ടോ ;

(ഡി) ഇവ വിൽക്കപ്പെടാതിരിക്കുവാൻ എന്തെല്ലാം നടപടികളാണെടുക്കുന്നത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) 2004-05 വർഷത്തിൽ 220 ഇനം മരുന്നുകളെ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് നിരോധിക്കപ്പെടുന്ന മരുന്നുകളുടെ വിവരങ്ങൾ പത്രമാധ്യമങ്ങൾ വഴിയും, ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണത്തിലൂടെയും കൃത്യമായി അറിയിച്ചുവരുന്നു. കൂടാതെ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, ഔഷധ വ്യാപാരികളുടെ സംഘടന എന്നിവയേയും അറിയിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി) ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകളുടെ വിശദാംശങ്ങൾ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരേയും, ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കുകയും അവർ പ്രസ്തുത ഔഷധങ്ങൾ മാർക്കറ്റിൽ വിൽക്കപ്പെടുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ ഔഷധ നിർമ്മാതാക്കളോട് ഗുണനിലവാരമില്ലാത്ത മരുന്നുകൾ മാർക്കറ്റിൽ നിന്നും തിരിച്ച് വിളിക്കാനും ആവശ്യപ്പെടാറുണ്ട്.

ഗ്രാമ പഞ്ചായത്ത് വിഭജനം

15 [*162] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

„ ലൂഡി ലൂയിസ് :

„ ജി. കാർത്തികേയൻ :

„ വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2001-ലെ സെൻസസ് കണക്കനുസരിച്ച് അൻപതിനായിരം പേരിൽ കുറവുള്ള എത്ര നഗരസഭകളുണ്ട് ;

(ബി) നിലവിൽ മുനിസിപ്പൽ നഗരങ്ങളേക്കാൾ കൂടുതൽ ജനസംഖ്യയുള്ള എത്ര ഗ്രാമ പഞ്ചായത്തുകൾ ഉണ്ട് ;

(സി) സംസ്ഥാനത്ത് നിലവിലുള്ള എത്ര ഗ്രാമപഞ്ചായത്തുകളെ വിഭജിക്കാനു ദ്ദേശിക്കുന്നുണ്ട് ;

(ഡി) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly